# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *216 — 06.02.2018 - ൽ മറുപടിക്ക്

## ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കാൻ നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.സി.ജോർജ് | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വിവിധ ജലസ്രോതസ്സുകളിൽ മാലിന്യം തള്ളി വെള്ളം മലിനമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ ചെയ്യുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തി കർശന നടപടി സ്വീകരിക്കുമോ; | (എ) ഉണ്ട്; ഇത് തടയുന്നതിന്റെ ഭാഗമായി, കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ്, 2003, ഭേദഗതി ചെയ്ത് (ഓർഡിനൻസ് മുഖേന) കനാലുകളിലും മറ്റ് ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപ വരെ പിഴയോ മൂന്നു വർഷം വരെ തടവോ രണ്ടും കൂടിയോ ശിക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സെക്ഷൻ കൂട്ടിച്ചേർത്തിട്ടുണ്ട്. (ഓർഡിനൻസ് നം.27/2017, 2017 ഡിസംബർ 7 നോട്ടിഫിക്കേഷൻ നം.24395/ലെജി. എഫ്2/2017/നിയമം) . |
| (ബി) കേരളത്തിൽ കുടിവെള്ളക്ഷാമം പല സന്ദർഭങ്ങളിലും വളരെ കൂടുതലായ തിനാൽ ഈ വസ്തുത മുന്നിൽക്കണ്ട് ജലസ്രോതസ്സുകളെ മാലിന്യ മുക്തമാക്കി, വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശ ങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ജലസംരക്ഷണത്തിനുള്ള ശാസ്ത്രീയ യൂണിറ്റായി നീർത്തടാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് പരമാവധി മഴവെള്ളം അതാതു പ്രദേശത്തു തന്നെ സംരക്ഷിക്കുന്നതിനുള്ള നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം, ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണ (ജലസമൃദ്ധി)-ത്തിന്റെ ഭാഗമായി ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ആദ്യഘട്ട പ്രവർത്തനം എന്ന നിലയിൽ 536 കുളങ്ങൾ മാലിന്യമുക്തമാക്കി ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു.<br>ജലസ്രോതസ്സുകളുടെ ഗുണനിലവാര |

വ്യതിയാനങ്ങൾ നിരീക്ഷിച്ച് ശുദ്ധീകരണ സംവിധാനങ്ങൾക്ക് അനുയോജ്യമായ സ്രോതസ്സുകൾ തിരഞ്ഞെടുത്ത് കേരള വാട്ടർ അതോറിറ്റി പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നു.

(സി) കുടിവെള്ള ലഭ്യതയ്ക്കും കൃഷിക്കും മറ്റുമായി പുതിയ ജലസ്രോതസ്സുകൾ കണ്ടെത്താൻ അതത് പ്രദേശത്തെ നിയമസഭാംഗങ്ങളെ ഉൾപ്പെടുത്തി, പ്രത്യേക ഇൻവെസ്റ്റിഗേഷൻ ഗ്രൂപ്പ് ഉണ്ടാക്കി, പദ്ധതികൾ രൂപീകരിച്ച്, ജലക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(സി) പ്രത്യേക ഇൻവെസ്റ്റിഗേഷൻ ഗ്രൂപ്പ് ഉണ്ടാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**